**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 91** **07-10-2021 - ൽ മറുപടിയ്ക്ക്**

**പൊതു വിദ്യാലയങ്ങൾ തുറക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി സി. കെ. ആശ,**<br>**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,**<br>**ശ്രീ . മുഹമ്മദ് മുഹസിൻ,**<br>**ശ്രീ. വാഴൂർ സോമൻ** | | **Shri V Sivankutty**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കോവിഡ് മഹാമാരിയെത്തുടർന്ന് അടഞ്ഞുകിടക്കുന്ന പൊതു വിദ്യാലയങ്ങളിൽ ക്ലാസുകൾ ആരംഭിക്കുന്നതിന് മുന്നൊരുക്കങ്ങൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്.സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി സ്കൂളും പരിസരവും വൃത്തിയാക്കുന്നതിനും അണു നശീകരണം നടത്തുന്നതിനും വിവിധ വകുപ്പുകൾ, പി.ടി.എ/എസ്.എം.സി,യുവജന സംഘടനകൾ, അധ്യാപക സംഘടനകൾ തുടങ്ങിയവരുടെയെല്ലാം സഹകരണത്തോടെയുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്. |
| (ബി) | പൊതു വിദ്യാലയങ്ങൾ തുറന്ന് പ്രവർത്തിക്കുന്നതിനുള്ള മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ബഹുമാനപ്പെട്ട മുഖ്യമന്ത്രി 18/08/21-ന് നടത്തിയ വാർത്താ സമ്മേളനത്തിൽ നവംബർ 1 മുതൽ സംസ്ഥാനത്തെ സ്കൂളുകൾ തുറക്കുന്നതാണെന്ന് അറിയിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ വകുപ്പിലെ ക്യൂ.ഐ.പി മോണിറ്ററിംഗ് കമ്മിറ്റി , അംഗീകൃത അധ്യാപക സംഘടനകൾ , യുവജന സംഘടനകൾ , വിദ്യാർത്ഥി സംഘടനകൾ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/മേയർമാർ, വിദ്യാഭ്യാസ ഓഫീസർമാർ എന്നിവരുടെ യോഗം മന്ത്രിതലത്തിൽ ചേരുകയും ചെയ്തു. ഈ യോഗങ്ങളിലെ അഭിപ്രായങ്ങളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് മാർഗ്ഗരേഖ സർക്കാർ പരിശോധിച്ചുവരുന്നു. |
| (സി) | സംസ്ഥാനത്തെ മുഴുവൻ സ്കൂൾ ജീവനക്കാർക്കും വാക്സിനേഷൻ നൽകുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | 09/09/2021 ലെ കണക്ക് പ്രകാരം 68.19% അധ്യാപകർ 2 ഡോസും 23.86% അധ്യാപകർ 1 ഡോസ് വാക്സിനും 65.52% അനധ്യാപകർ 2 ഡോസും 24.42% അനധ്യാപകർ 1 ഡോസ് വാക്സിനും പൂർത്തീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ അധ്യാപക/അനധ്യാപക ജീവനക്കാരിൽ ഒരു ഡോസ്/ 2 ഡോസ് വാക്സിനെങ്കിലും എടുത്തവർ 93.39%ആണ്. ജീവനക്കാരിലെ വാക്സിനേഷൻ |

| | | | |
|---|---|---|---|
| | | | പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | സ്കൂൾ ബസുകളുടെ അറ്റകുറ്റപണി നടത്തി സഞ്ചാര യോഗ്യമാക്കുന്നതിനും അവയുടെ ഫിറ്റ്നസ് പരിശോധന നടത്തുന്നതിനും നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ; | (ഡി) | സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് ഗതാഗത വകുപ്പ് വിശദമായ മാർഗ്ഗരേഖ പുറത്തിറക്കിയിട്ടുണ്ട്.ആയതിന്റെ അടിസ്ഥാന ത്തിൽ ഒക്ടോബർ 20നകം മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർ നേരിട്ട് സ്കൂളിലെത്തി വാഹനങ്ങൾ പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ഇ) | സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് വിവിധ വകുപ്പുകളുടെ ഏകോപനത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഇ) | ഉണ്ട്. വിവിധ വകുപ്പുകളുമായി (ആരോഗ്യം, ഗതാഗതം, തദ്ദേശ സ്വയംഭരണം) മന്ത്രിതല ചർച്ചകൾ പൂർത്തിയാക്കി സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റ് മാർഗ്ഗരേഖയും പുറത്തിറക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ